**691**

വിശ്വാസ നായകനേശുവെൻ
വിശ്വാസ യാത്രയിലാശ്രയം (2)

1 ഭാരം പ്രയാസങ്ങളേറിയാലും ഭാരപ്പെടാനില്ല കർത്താവുണ്ട്
ഭാരങ്ങളെല്ലാം വഹിക്കുന്നോൻ ഭാസുരമായ് വഴി നടത്തിടും-

2 ആകുല ചിത്തനായ് തീർന്നിടുമ്പോൾ ആവശ്യ ഭാരത്താൽ നീറിടുമ്പോൾ
ആവലോടെ തൻ പാദെ വീഴിൽ ആകുലങ്ങളാകെ തുലയ്ക്കുന്ന-

3 ഉള്ളം തകരുന്ന നേരത്തിലും ഉണ്ടെനിക്കാശ്വാസമായി നാഥൻ
ഇണ്ടലെല്ലാമകറ്റിടുന്നോൻ വേണ്ടതെല്ലാമായി ഉണ്ടെനിക്ക്-

4 മേദിനി വേദന ശോധനകൾ ശോഭനമാക്കുവാൻ ശക്തനവൻ
വേദനയേറ്റ വേദനാഥൻ വേർപിരിയാതെന്റെ കൂടെയുണ്ട്- **T.C.V.**